(സി) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി 12,196 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനാണ് അനുവാദം ചോദിച്ചിരുന്നത്.

(ഡി) കേന്ദ്ര സർക്കാർ 7693.2257 ഹെക്ടർ ഭൂമി നൽകുവാൻ സമ്മതിച്ചിട്ടുണ്ട്. (നിബന്ധനകൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്). 6-2-2004-ലാണ് നിർദ്ദേശം അടങ്ങിയ കേന്ദ്ര സർക്കാരിന്റെ കത്ത് സംസ്ഥാന സർക്കാരിന് ലഭിച്ചത്.†

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ ഡ്രൈവിംഗ് പരിശീലനം

127 [290] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003 വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനത്തിന് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേരെ ഡ്രൈവിംഗ് പരിശീലനത്തിന് തെരഞ്ഞെടുത്തു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളെ തെരഞ്ഞെടുത്തത് എങ്ങനെയാണ്;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് പരിശീലനം നടത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഓരോ സ്ഥാപനവും എത്ര പേർക്ക് വീതം പരിശീലനം നൽകിയെന്നും ഓരോ സ്ഥാപനവും ഫീസിനത്തിൽ എത്ര രൂപ വീതം നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പിന്നോക്ക-പട്ടികജാതിക്ഷേമ ദുരിതാശ്വാസ നിധിയിൽ നിന്നും പാലക്കാട് ജില്ലയിൽ നൽകിയ ധനസഹായം

128 [291] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി പിന്നോക്ക-പട്ടികജാതിക്ഷേമ ദുരിതാശ്വാസ നിധിയിൽ നിന്നും പാലക്കാട് ജില്ലയിൽ എത്രയാളുകൾക്ക് സഹായം നൽകി; ഇതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly